# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4165 16.03.2017 -ലെ മറുപടി

**പാക്കറ്റിലാക്കിയ കുടിവെള്ളം**

ചോദ്യം

ശ്രീ.ഡി.കെ. മുരളി

മറുപടി

മാത്യു ടി തോമസ്
ജലവിഭവ വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | കുടിവെള്ളം പാക്കിംഗ് നടത്തി വിതരണം ചെയ്യുന്ന എത്ര സ്വകാര്യ സംരംഭകർ ഉണ്ടെന്ന് വിശദമാക്കാമോ; | എ) | ജലവിഭവവകുപ്പിൽ ഈ വിശദാംശങ്ങൾ ലഭ്യമല്ല. |
| ബി) | എത്ര സർക്കാർ സംരംഭങ്ങൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദീകരിക്കുമോ; | ബി) | ജലവിഭവ വകുപ്പിന്റെ അധീനതയിൽ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി) എന്ന സർക്കാർ നിയന്ത്രണ പൊതുമേഖല സ്ഥാപനം 'ഹില്ലി അക്വ' എന്ന കുപ്പിവെള്ള ഫാക്ടറി തൊടുപുഴയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ അരുവിക്കര കുപ്പിവെള്ള നിർമ്മാണ പദ്ധതിയുടെ നിർമ്മാണ ജോലികൾ 14.1.2016-ൽ ആരംഭിച്ചത് പുരോഗമിച്ചു വരുന്നു. |
| സി) | കുടിവെള്ളം പാക്കിംഗ് നടത്തി വിപണം ചെയ്യുന്നതിന് ഒരു ലിറ്റർ വെള്ളത്തിന് എന്ത് നിരക്കാണ് സർക്കാർ എം.ആർ.പി.യായി നിശ്ചയിച്ചിട്ടുള്ളത്? | സി) | 'ഹില്ലി അക്വ' യുടെ 1 ലിറ്റർ കുപ്പിവെള്ളത്തിന് 15/- (രൂപ പതിനഞ്ച്) രൂപയാണ് എം.ആർ.പി ആയി നിശ്ചയിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**